കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചെർപ്പുളശ്ശേരി നഗരസഭ

2015-16 വർഷത്തെ

(01-11-2015മുതൽ 31-03-2016വരെ)

ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പികെഡി22/134/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 13.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ചെർപ്പുളശ്ശേരി നഗരസഭ

സർ,

വിഷയം : ചെർപ്പുളശ്ശേരി നഗരസഭ -2015-16(1-11-15മുതൽ 31-3-16വരെ)സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. റീജിയണൽ ഡയറക്ടർ, അർബ്ബൻ അഫയേഴ്സ് , കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി22/134/2017 തീയതി – 13.02.2017

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1-11-2015 മുതൽ 31-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. കെ. കൃഷ്ണകുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 6-1-2017 മുതൽ 17-1-2016 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.എൻ. മുരളീധരൻ (6-1-17മുതൽ 9-1-17വരെ) | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യൂ. ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എം.എസ്. താരീഖ് | ഓഡിറ്റർ |
| | ശ്രീമതി. സി.എസ്. അനില | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. ശ്രീലജ വാഴക്കുന്നത്ത് | 1-11-2015 മുതൽ 31-3-2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ. എം. ഹരികൃഷ്ണൻ | 1-11-2015 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി<br>(മരാമത്ത് പ്രവൃത്തികൾ സെക്രട്ടറിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്) | ശ്രീ. എം. ഹരികൃഷ്ണൻ | 1-11-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | രാജൻ. പി. | 1-11-2015 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | ഹയറുന്നീസ | 1-11-15മുതൽ 24-12-15വരെ |
| | ബീന .സി.എൽ. | 25-12-15മുതൽ 31-3-16വരെ |
| വി.ഇ.ഒ. | മനോജ് കുമാർ.കെ | *1-11-2015 മുതൽ 31-3-16 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.നവ്യ അമ്പൂക്കൻ | *1-11-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.എസ്.എം. ഷബ്ന | *1-11-2015 മുതൽ 31-3-2016വരെ* |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അഭിലാഷ് | *1-11-15മുതൽ 30-11-15വരെ* |
| | ഡോ. ട്വിങ്കിൾ | *1-12-15മുതൽ 21-1-16വരെ* |
| | ഡോ. അബ്ദുൾ വഹാബ് | *22-1-2016മുതൽ 31-3-2016വരെ* |
| വെറ്ററിനറി സർജൻ | ഡോ. മുഹമ്മദ് ഹനീഫ | *1-11-2015 മുതൽ 31-3-2016 വരെ* |
| ഹെഡ് മാസ്റ്റർ | പി. നാരായണൻ കുട്ടി | *1-11-2015 മുതൽ 31-3-2016 വരെ* |
| അസി.സെക്രട്ടറി | കെ.സി.ബാലകൃഷ്ണൻ | *1-11-15മുതൽ 31-3-16വരെ* |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ടി.കെ. പ്രസന്ന | *1-11-2015 മുതൽ 31-3-2016 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയ്ക്കായി പ്രത്യേകം ബജറ്റ് അവതരിപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിൽ തയ്യാറാക്കിയ ബജറ്റ് വിശദാംശങ്ങൾ തന്നെയാണ് നഗരസഭയും പിന്തുടർന്നിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/26-3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 7-12-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 12-1-2017 | അനുബന്ധമായിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 21923287 | 94662881 | 116586168 | 87924144 | 28662024 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6382759 | 6382759 | 6382759 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7216336 | 7216336 | 7216336 | 0 |
| വികസനഫണ്ട് ടി.സി.പി. | 0 | 16000 | 16000 | 16000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13164906 | 13164906 | 13164906 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 725053 | 725053 | 725053 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 392750 | 392750 | 392750 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5565486 | 5565486 | 5565486 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 329467 | 3777081 | 4106548 | 2748987 | 1357561 |
| MGNRES | 32531 | 0 | 32531 | 0 | 32531 |
| ബി ഫണ്ട് | | 6344324 | 6344324 | 6344324 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 476 | 99940502 | 207 | 41919835 | - | 269 | 43 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4179573 | 3457562 | (-)722011 | 17% |
| നികുതിയേതര വരവുകൾ | 774793 | 822095 | (+)47302 | 6% |
| മറ്റുവരവുകൾ | 1781983 | 1414891 | (-)367092 | 20% |
| ആകെ | 6736349 | 5694548 | (-)1041801 | 15% |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 57 | 12240 |
| കർഷകത്തൊഴിലാളി പെൻഷൻ | 716 | 886470 |
| വിധവാപെൻഷൻ | 1292 | 1805120 |
| വാർദ്ധക്യകാലപെൻഷൻ | 1855 | 2187120 |
| വികലാംഗപെൻഷൻ | 335 | 441900 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 178 | 227880 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-1-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59404/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തര നിയന്ത്രണം

മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ നഗരസഭയിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. നഗരസഭയിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

പ്രൊക്യൂർമെന്റ് കമ്മിറ്റി

തൻവർഷം നഗരസഭരൂപീകരിച്ചതിനുശേഷം രണ്ട് യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ.

ഫ്രണ്ട് ഓഫീസ് സംവിധാനം: നഗരസഭയിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ രൂപീകരിച്ചതിനു ശേഷം മറ്റു ഓഡിറ്റുകൾ ഒന്നും നടന്നിട്ടില്ല

# 1-12 ജീവനക്കാരുടെ കുറവ് ദൈനംദിന പ്രവൃത്തികളെ ബാധിക്കുന്നു

സർക്കാർ ഉത്തരവ് നം. ജി.ഒ(എം.എസ്)109/2016/എൽ.എസ്.ജി.ഡി തീയ്യതി 05-08-2016 പ്രകാരം പുതിയതായി രൂപീകരിച്ച നഗരസഭയിൽ 47 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവനുസരിച്ച് നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല എന്ന മാത്രമല്ല,നഗരസഭാ രൂപീകരണത്തിന് മുൻപുണ്ടായിരുന്ന 16 തസ്തികകളില ജീവനക്കാരിൽ 8 പേർ മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. 33വാർഡുകളുള്ള നഗരസഭയുടെ നികുതി പിരിവ്,പദ്ധതിപ്രവർത്തനങ്ങൾ എന്നിവയെയും,ഓഫീസ് പ്രവർത്തനത്തെ തന്നേയും ഇത്

തകരാറിലാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

1.വസ്തുനികുതി നിർണ്ണയരജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയിരിക്കുന്നു.

| കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, മേൽവിലാസം | ഉപയോഗക്രമം, തറ വിസ്തീർണ്ണം |
|---|---|---|
| 2/332-2/340 | ഉസൈൻഹാജി, പുൽമാൻതൊടി, തെക്കുമുറി | 2/332-333, 338-340- ക്വാർട്ടേഴ്സ് – 30 ച മീ വീതം<br>2/334-337- വാണിജ്യ ആവശ്യത്തിന് – 20ച മീ വീതം |
| 13/1080-13/1095 | നൗഷാദ്, കറുപ്പൻവീട്ടിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 2/48-2/50 | ശിവശങ്കരൻ<br>ളുതാംകളത്തിൽ<br>തെക്കുമുറി | 2/48-താമസം 100 ച മീ<br>2/49-വാണിജ്യം - 7 ച മീ<br>2/50 - വാണിജ്യം - 7 ച മീ |

മേൽ വിഷയം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. വസ്തുനികുതി നിർണ്ണയ രജിസറ്ററിൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയായതു മുതലുള്ള നികുതി നിർണ്ണയിച്ച് പലിശ സഹിതം ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

2.മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെപ്പറയുന്ന കെട്ടിടങ്ങൾ 16.01.2016- തിയതി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിന്റെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. <u>അൽ- ഐൻ ഓഡിറ്റോറിയം</u>

വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായ ഫോം 6 എന്നിവയിൽ അൽ ഐൻ ഓഡിറ്റോറിയത്തിന്റെ തറവിസ്തീർണ്ണം 464 ച മീ (താഴത്തെ നില) ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രണ്ടുനിലകളിലായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയത്തിന്റെ കെട്ടിടം നേരിൽ പരിശോധിച്ച് അളന്നതിൽ ആകെ വിസ്തീർണ്ണം 1134ച.മീ ഉണ്ട്. മാത്രമല്ല, കെട്ടിടത്തിന്റെ പിൻവശത്തായി അടുക്കളയ്ക്കായി പെർമിറ്റില്ലാതെ തന്നെ ഷീറ്റിട്ട കെട്ടിടം നിർമ്മിക്കുകയും നിലവിൽ ഉപയോഗിച്ചു വരുകയും ചെയ്യുന്നു. പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടം നിയമാനുസൃതമായി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മുഴുവൻ കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ചിത്രം താഴെ ചേർക്കുന്നു.



അൽ ഐൻ ഓഡിറ്റോറിയം



ഓഡിറ്റോറിയത്തിന്റെ അടുക്കള

2. ചെർപ്പുളശ്ശേരി കോളേജ് ഓഫ് സയൻസ് & ടെക്നോളജി

ചെർപ്പുളശ്ശേരി കോളേജ് ഓഫ് സയൻസ് & ടെക്നോളജി എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ, വസ്തുനികുതി നിർണ്ണയിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് എൻക്വയറി നം. 9/16.1.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

നിലവിൽ സ്ഥാപനം താഴത്തെനിലയുൾപ്പെടെ മൂന്ന നിലകളിലായി പ്രവർത്തിച്ച വരുന്നു. കോളേജിൽ നിന്നും ലഭ്യമായ ബിൽഡിംഗ് പെർമിറ്റിന്റെ പകർപ്പ്, കംപ്ലീഷനായി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചതായി രേഖപ്പെടുത്തിയ പ്ലാനിന്റെ കോപ്പി, കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി നിർണ്ണയ റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴത്തെ നില – 750ച മി, ഒന്നാം നില -650 ച മീ, രണ്ടാം നില 650ച.മീ ആകെ 2050

ച മീ വിസ്തീർണ്ണം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ കെട്ടിടങ്ങൾ കൂടാതെ മൂന്നുനിലകളിലുമായി ഏകദേശം 1620ച മീ (540ച.മീ വീതം മൂന്നു നിലകൾ) കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഉപയോഗിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ കോളേജ് കാന്റീനിനായി കെട്ടിടം പെർമിറ്റില്ലാതെ നിർമ്മിക്കുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിട നിർമ്മാണം നിയമവിധേയമായി ക്രമവത്ക്കരിക്കേണ്ടതും കോളേജിന്റെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി, കെട്ടിടങ്ങൾ ഉപയോഗം ആരംഭിച്ചതുമുതൽ പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ചിത്രം താഴെ ചേർക്കുന്നു.





ചെർപ്പുളശ്ശേരി കോളേജ് ഓഫ് സയൻസ് & ടെക്നോളജി

നികുതി നിർണ്ണയിക്കാത്ത മൂന്നു നില കെട്ടിടം



കോളേജ് കാന്റീൻ

3. <u>ഐഡിയൽ കോളേജ്</u>

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ വലതുവശത്തായി പുതിയ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. മൂന്നു നിലകളുള്ള കെട്ടിടത്തിന്റെ ഏകദേശം 1150ച.മീ വിസ്തീർണ്ണമുള്ള താഴത്തെ നിലയുടെ വസ്തുനികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ തുല്യ വിസ്തീർണ്ണത്തിലുള്ള ഒന്നാമത്തെ നില നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി, കെട്ടിടങ്ങൾ ഉപയോഗം ആരംഭിച്ചതു മുതൽ നിർണ്ണയിക്കേണ്ടതും തുക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ചിത്രം താഴെ ചേർക്കുന്നു.





മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ കെട്ടിട നിർമ്മാണ പെർമിറ്റ്, അംഗീകരിച്ച പ്ലാൻ, വസ്തുനികുതി നിർണ്ണയച്ചതിന്റെ രേഖകൾ എന്നിവ നഗരസഭയിൽ നിന്നും ലഭ്യമാകാത്തതിനാൽ നിലവിൽ ഉപയോഗിച്ചു വരുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. ഉപയോഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതിലേക്ക്

ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു

## 2-2 വസ്തുനികുതി നിർണ്ണയം - അവലോകനം

1-11-2015 മുതൽ നഗരസഭയായ ചെർപ്പുളശ്ശേരിയിൽ 33വാർഡുകളാണ് നിലവിലുള്ളത്. ഇതിലുൾപ്പെട്ട 14491 കെട്ടിടങ്ങളുടെ ഡാറ്റയാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി ചെയ്തിട്ടില്ല. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം 6 പരിശോധിച്ചതിൽ പല കെട്ടിടങ്ങളുടെയും കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ നികുതി ഒഴിവാക്കപ്പെട്ടവയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം തെറ്റായി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നവ

| കെട്ടിട നം, ഉടമയുടെ പേര് വിലാസം | ഉപയോഗം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|
| 1/12, മുഹമ്മദ്കുട്ടി, കാട്ടുകണ്ടത്തിൽ തെക്കുമുറി, കാറൽമണ്ണ | കോഴി ഫാം | പാർപ്പിടം |
| 19/326, ഡോ. രാജീവ് ചന്ദ്രൻ, വൈറ്റ് ലൈൻ ഡെന്റൽ കെയർ | ദന്താശുപത്രി | പാർപ്പിടം |
| 2/780 പ്രദീപ് കുമാർ, മാർക്കശ്ശേരി, കാറൽമണ്ണ | കോഴി ഫാം | പാർപ്പിടം |

നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും സഞ്ചയയിൽ നികുതി ഒഴിവാക്കിയതായി രേഖപ്പെടുത്തിയവ

| ക്രമ നം. | കെട്ടിട നം, ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | 12/379, മലബാർ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് | 802 ച മീ |
| 2 | 13/11, ഡോ. ഗോപി | 100 ച മീ |
| 3 | 2/6- 2/8, എൻ പി അബു | |

സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വിവരം

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 9863 |
| വാണിജ്യം | 3643 |
| മറ്റുള്ള വാണിജ്യ ആവശ്യത്തിനുള്ളവ | 62 |

| | |
|---|---|
| മൊബൈൽ ടവർ | 2 |
| ആരാധനാലയങ്ങൾ | 76 |
| ഔദ്യോഗികം | 54 |
| വിദ്യാഭ്യാസം | 104 |
| ആശുപത്രി | 28 |
| വ്യവസായം | 37 |
| മറ്റ് വ്യവസായം | 73 |
| നികുതിയിൽ നിന്നും ഒഴിവാക്കിയവ | 529 |
| ഓഡിറ്റോറിയം/ കല്യാണമണ്ഡപം, ...... | 20 |
| ആകെ | 14491 |

വസ്തുനികുതി പുനർ നിർണ്ണയിച്ചതിന്റെ വിശദാംശം

കേരള സർക്കാരിന്റെ 30.04.15- ലെ 153/2015 തസ്വഭവ നം. ഉത്തരവുപ്രകാരം 01.11.15 മുതൽ ചെർപ്പുളശ്ശേരി ഗ്രാമ പഞ്ചായത്തിനെ നഗരസഭയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. 05.12.15- ലെ 3655/15 ത സ്വ ഭവ നം. ഉത്തരവു പ്രകാരം 01.04.16മുതൽ നഗരസഭ നിരക്കിൽ നികുതി പരിഷ്കരിക്കേണ്ടതാണെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15-12-2016 ലെ തീരുമാനം നം.(3) പ്രകാരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നാളിതുവരെ മാറ്റങ്ങൾ വരുത്തിയിട്ടില്ല. പഴയ കെട്ടിടങ്ങൾക്ക് 2015-16 വർഷം നിലവിലുണ്ടായിരുന്ന നികുതി നിരക്ക് 31-3-2016 വരെ തുടരാവുന്നതാണെന്നും 1-4-2016 ന് ശേഷം 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പുതുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് നാളിതുവരെ സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. 1-11-2015 മുതൽ പുതുതായി അസസ്സ്മെന്റ് നടത്തുമ്പോൾ മുനിസിപ്പൽ വസ്തു നികുതി 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

കെട്ടിടങ്ങളുടെ നികുതി നിലവിൽ പഞ്ചായത്ത് നിരക്കിൽ തന്നെ ഈടാക്കിവരുന്നതിനാൽ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ട തനതുവരുമാനം നഷ്ടമായി കൊണ്ടിരിക്കുന്നു. വസ്തു നികുതി പരിഷ്കരണത്തിലൂടെ നികുതി തുക വർദ്ധിച്ചുവെങ്കിലും സ.ഉ(എം.എസ്)നം.144/15/ത.സ്വ.ഭ.വ തിയതി 27-4-2015 പ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള 529 കെട്ടിടങ്ങളെ (നിലവിൽ സഞ്ചയയിൽ എൻട്രി ഉള്ളവയിൽ നിന്നും) നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും നികുതി തുക കുറയുന്നതിന് കാരണമായിട്ടുണ്ട്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ്

നഗരസഭാ പരിധിയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവ്വറുകളുടെ എണ്ണം, ഡിമാന്റ് ചെയ്ത് ഈടാക്കിയ വസ്തുനികുതി, വസ്തുനികുതി കുടിശ്ശിക, അനധികൃതമായി പ്രവർത്തിക്കുന്ന ടവ്വറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/5.01.17-ന് നൽകിയ മറുപടിയിൽ നിലവിൽ രണ്ടു മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും ഏത് വർഷം വരെയാണ് വസ്തു നികുതി ഈടാക്കിയത് എന്ന വിവരം ലഭ്യമായില്ല. മറുപടിയിൽ നിന്നും ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം |
|---|---|---|
| 1 | 2/275 | ഹംസ ഹാജി, പുൽമാൻതൊടി, തെക്കുംമുറി |

| | | |
|---|---|---|
| 2 | 17/114 | ഓഫീസർ, ടെലിഫോൺ ഓഫീസ്, പന്നിയാംകുറുശ്ശി, ചെർപ്പുളശ്ശേരി |

എന്നാൽ 7-ാം വാർഡിൽ അൽ ഐൻ ഓഡിറ്റോറിയത്തിന്റെ സമീപത്തും, 13ാം വാർഡിൽ കച്ചേരിക്കുന്നിൽ നിന്നും ചെർപ്പുളശ്ശേരി സ്റ്റാന്റിലേക്ക് പ്രവേശിക്കുന്നറോഡിന്റെ വലതുവശത്തും മൊബൈൽടവറുകൾ പ്രവർത്തിക്കുന്നതായി സ്ഥലപരിശോധന വേളയിൽ അറിയാൻ കഴിഞ്ഞു. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് നഗരസഭ സൂക്ഷിക്കുന്നില്ല എന്ന് ഇതിൽ നിന്നും വിലയിരുത്തുന്നു. ടവറുകളുടെ പെർമിറ്റ്, ഈടാക്കിയ പെർമിറ്റ് ഫീ, സ്ഥാപിച്ച വർഷം, കുടിശ്ശികയുള്ള കെട്ടിടനികുതി തുടങ്ങിയ വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്രോതസ്സായ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനും വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ടവറുകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും 19-10-2014-ലെ 40395/ആർ.സി2/2014/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടില്ല

2015-16 വർഷത്തെ വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമല്ല. ആയതിനാൽ സഞ്ചയയിലെ കണക്കും ഡിമാന്റ് രജിസ്റ്ററിലെ കണക്കും പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാർഷിക കണക്കനുസരിച്ച് 31-3-2016 ലെ നികുതി കുടിശ്ശിക 4628794.35 രൂപയാണ്. മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്താത്തതിനാലും നികുതി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതിനാലും യഥാർത്ഥ കുടിശ്ശിക എത്രയെന്ന് കണക്കാക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2015-16 സാമ്പത്തിക വർഷത്തിൽ പുതിയതായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി സഞ്ചയയിൽ നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിലവിൽ സഞ്ചയയിൽ എൻട്രി ചെയ്ത കെട്ടിടങ്ങളുടെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട തെറ്റുകൾ പരിഹരിക്കേണ്ടതുമാണ്.

2. പഴയ കെട്ടിടങ്ങളുടെയും പുതിയതായി പണി പൂർത്തിയാകുന്നതുമായ കെട്ടിടങ്ങളുടെ നികുതി സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ നിരക്കിൽ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കേണ്ടതും യഥാർത്ഥ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4. നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽടവറുകളുടെ കൃത്യമായ കണക്കു സൂക്ഷിക്കേണ്ടതും അനധികൃത ടവറുകൾ നിയമവിധേയമായി ക്രമവത്ക്കരിക്കേണ്ടതും മുഴുവൻ ടവറുകളുടെയും കുടിശ്ശികയായ വർഷം മുതലുള്ള നികുതി പലിശ സഹിതം അടിയന്തിരമായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

# 2-3 വിനോദ നികുതി -അവലോകനം

2015-16 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റി പരിധിയിൽ 3 സിനിമാ തിയറ്ററുകൾ പ്രവർത്തിച്ച

വരുന്നുണ്ട്. തിയറ്ററുകളിൽ നിന്നുമുള്ള വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിൽ മുനിസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. 2015-16 വർഷത്തിൽ എല്ലാ തിയറ്ററുകളിൽ നിന്നുമായി ലഭ്യമായ വിനോദ നികുതി 342427/- രൂപ മാത്രമാണ്. പലപ്പോഴും പുതിയ സിനിമകൾ റിലീസ് ചെയ്യുന്നുണ്ടെങ്കിലും തിയറ്ററുകൾ ഹാജരാക്കുന്ന ഡി.സി.ആർ പ്രകാരം വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണത്തിൽ വളരെ കുറവുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ ബോധ്യപ്പെട്ടു. ടിക്കറ്റ് സീൽഡ് രജിസ്റ്ററിൽ സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും തിയറ്ററുകളിലെ സീറ്റുകളുടേയും ദിവസേനയുള്ള ഷോകളുടെ എണ്ണവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി ബോധ്യപ്പെട്ടു. തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നില്ല. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുകയോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുകയോ, ഗ്രാമപഞ്ചായത്തിന്റെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിനോദ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡി.സി.ആർ ഡിമാൻറ് രജിസ്റ്റർ തുടങ്ങിയ രേഖകളുടെ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തിയറ്ററുകളിലെ സീറ്റിന്റെ അടിസ്ഥാനത്തിലും ടിക്കറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന ശരാശരി വിനോദ നികുതിയുടെ അടിസ്ഥാനത്തിലും ഓരോ തിയറ്ററിൽ നിന്നും ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| തിയറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം | | | ഷോകളുടെ എണ്ണം | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ശരാശരി വിനോദ നികുതി നിരക്ക് | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|---|---|
| | ക്ലാസ് I | ബാൽക്കണി | ആകെ | | | | | |
| പഞ്ചായത്തായിരുന്ന കാലയളവിലേത് (210 ദിവസം) | | | | | | | | |
| ദേവി | 410 | - | 410 | 4 | 1640 | 6.5 | 10660 | 2238600 |
| പ്ലാസ | 380 | 340 | 720 | 4 | 2880 | 7 | 20160 | 4233600 |
| ഗ്രാന്റ് | 515 | - | 515 | 4 | 2060 | 6.5 | 13390 | 2811900 |
| മുനിസിപ്പാലിറ്റിയായതു മുതൽ | | | | | | | | |
| ദേവി | 410 | - | 410 | 4 | 1640 | 10.5 | 17220 | 2583000 |
| പ്ലാസ | 380 | 340 | 720 | 4 | 2880 | 11 | 31680 | 4752000 |
| ഗ്രാന്റ് | 515 | - | 515 | 4 | 2060 | 10.5 | 21630 | 3244500 |
| | | | | | | | | 19863600 |

മേൽപറഞ്ഞ പ്രകാരം ഒരു വർഷത്തെ പരമാവധി വിനോദ നികുതി ഡിമാൻറ് 1.98 കോടി രൂപയായി നിശ്ചയിക്കാമെന്നിരിക്കെ 2015-16 വർഷത്തെ ബജറ്റിൽ കേവലം 1800000 രൂപയും വാർഷിക കണക്കിന്റെ ഇൻകം & എക്സ്പെൻഡിച്ചറിന്റെ ഭാഗത്ത് 250000 രൂപയും മാത്രമാണ് പ്രതീക്ഷിത വരുമാനമായി ചേർത്തിട്ടുള്ളത്.

2015-16 വർഷത്തിൽ തിയറ്ററുകൾക്ക് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം, വിനോദ നികുതി വരവ് എന്നിവയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| തിയറ്ററിന്റെപേര് | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | സീൽ ചെയ്തു കൊടുത്തത് | വ്യത്യാസം | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി | നഗരസഭയിൽ വരവ് വെച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| ദേവി | 1640 | 598600 | 9339 | 589261 | 4821600 | 70280 | 4751320 |
| പ്ലാസ | 2880 | 1051200 | 17599 | 1033601 | 8985600 | 137656 | 8847944 |
| ഗ്രാന്റ് | 2060 | 751900 | 17569 | 734331 | 6056400 | 134491 | 5921909 |
| | | | | | | 342427 | 19521173 |

ഡി.സി.ആർ പരിശോധിച്ചപ്പോൾ 4 ഷോകൾക്കും കൂടി പല ദിവസങ്ങളിലും 10 ൽ താഴെ ടിക്കറ്റുകൾ മാത്രം വില്പന നടത്തിയതായി കാണിച്ച് ഡി.സി.ആർ സമർപ്പിച്ചിട്ടുണ്ട്. ഈ കണക്ക് ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും റിലീസ് കേന്ദ്രങ്ങളിൽ പോലും ആദ്യ ദിവസങ്ങളിലെ എണ്ണം വളരെ കുറവായി കാണിച്ചത് സംശയാസ്പദമാണ്.

റിലീസ് കേന്ദ്രങ്ങളുള്ള തിയറ്ററുകളുള്ള നഗരസഭയുടെ വിനോദനികുതി കേവലം 342427

രൂപയാണെന്നത് ആശങ്കാജനകമാണ്.

ആളുകൾ കുറവാണെന്ന തിയറ്ററുകളുടെ വാദം ശരിവെക്കുകയാണെങ്കിൽതന്നെ കുറഞ്ഞത് താഴെ പറയും പ്രകാരം വിനോദനികുതി വരവുണ്ടാകേണ്ടതായിരുന്നു എന്ന് വിലയിരുത്തുന്നു.

| ഒരു വർഷത്തിൽ | വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 19863600 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 9931800 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 4965900 |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 1986360 |

2015-16 വർഷത്തിൽ ഏറ്റവും കുറഞ്ഞത് 1986360/- രൂപയെങ്കിലും നഗരസഭ ഫണ്ടിൽ വരവുണ്ടാകേണ്ടതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

100 കോടിയലധികം കളക്ഷൻ ലഭിച്ച സിനിമയായ പുലിമുരുകൻ പ്രദർശിപ്പിക്കുന്ന തിയറ്ററിലെ ഡി.സി.ആറിൽ 50 ശതമാനത്തിൽ കുറവ് ടിക്കറ്റുകളുടെ വില്പന നടന്നതായാണ് ആദ്യ ദിവസങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആദ്യ മൂന്നാഴ്ചകളിൽ എല്ലാ ഷോകളും ഹൌസ് ഫുൾ ആയിട്ടാണ് പ്രദർശിപ്പിച്ചിരുന്നതെന്ന് ഓഡിറ്റ് പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ അറിയുവാൻ സാധിച്ചു. ഗ്രാന്റ്, പ്ലാസ എന്നീ രണ്ട് തിയറ്ററുകളിലുമായി ആകെ 1235 സീറ്റുകളാണുള്ളത്. 4 ഷോകളിലായി 21 ദിവസങ്ങളിൽ 103740 ആളുകൾ ഈ തിയറ്ററുകളിൽ സിനിമ കണ്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നു. എന്നാൽ ഗ്രാന്റ്, പ്ലാസ എന്നീ തിയേറ്ററുകളിൽ നിന്നും 30 ദിവസത്തിൽ വെറും 7610ടിക്കറ്റ് മാത്രം വിറ്റതായാണ് സീൽഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭ അധികാരികൾ ഉറപ്പാക്കുന്നതോടൊപ്പം തിയറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തിയറ്റർ ഉടമകൾക്ക് നൽകി തിയറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളല്ലാതെ മറ്റ് ടിക്കറ്റുകളൊന്നും വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

3. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കുവാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതാണ്.

5. ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ്

ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

7. തിയറ്റർ ഉടമകളുടെ യോഗം വിളിച്ച് ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താവുന്നതാണ്.

8. രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കി റവന്യൂ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

9. ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു.

10. ഓഡിറ്റ് വർഷത്തിലുണ്ടായതും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ വിനോദനികുതി ചോർച്ച അന്വേഷണ വിധേയമാക്കി ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

മുനിസിപ്പാലിറ്റിയുടെ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകിയതിൽ 2015-16സാമ്പത്തിക വർഷത്തിൽ ലഭ്യമാകാനുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| കടമുറി നം | കൈവശക്കാരൻ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 14/502 | അബൂബക്കർ, ചേറമ്പറ്റ | 11/15 മുതൽ 3/16 വരെ | (1379+170 ST)x5 = 13941 |
| 14/503 | ശശികുമാർ വട്ടോളി | 11/15 മുതൽ 3/16 വരെ | (1101+136 ST)x5=9896 |
| - | രത്നകുമാരി, ദിവ്യശ്രീ കുടുംബശ്രീ | 01/16 മുതൽ 3/16 വരെ | (174+21ST)x3= 585 |

മേൽപ്പറഞ്ഞ വാടകക്കാരുമായി 2015-16 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. മാത്രമല്ല, വാടക കുടിശ്ശിക ഈടാക്കാതെ തന്നെ നിലവിലും ഇവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക തുക കൈവശക്കാരിൽ നിന്നും അടവാക്കുന്ന തിയതി വരെയുള്ള പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/12.01.17) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക അടച്ച് തീർക്കുന്നതിന് നേരിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെർപ്പുളശ്ശേരി ശാഖയിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും Ex service man എന്ന് രേഖപ്പെടുത്തി രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഒഴിവാക്കിയിരിക്കുന്നു.

| പേര്, തസ്തിക | പത്രിക പ്രകാരം വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|
| ഗോപിനാഥൻ പി, അസിസ്റ്റന്റ് | 191220 | 1250 |
| കോമു, ഗാർഡ് | 166761 | 1250 |
| ആകെ | | 2500 |

ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തപക്ഷം ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിങ്ങ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3. മർക്കസ് ഹാദിയ വിമൻസ് കോളേജ്, എയിംസ് കോളേജ്, മാസ്റ്റേഴ്സ് കോളേജ്, എം ഇ എസ് കോളേജ്, കോറോഡോവ കോളേജ് എന്നീ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4.താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | കേരള ഗ്രാമീൺ ബാങ്ക് |
| 2. | ഫെഡറൽ ബാങ്ക് |
| 3. | മാവേലി സ്റ്റോർ |
| 4. | ഐ സി ഐ സി ഐ ബാങ്ക് |
| 5 | എൽ ഐ സി ഓഫ് ഇന്ത്യ |
| 6. | കേരള പെർമനന്റ് ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ് |
| 7. | മഹാലക്ഷ്മി ഫിനാൻസ് |
| 8. | മുത്തൂറ്റ് മിനി |
| 9. | ശോഭ ബാങ്കേഴ്സ് |
| 10 | അൽ-ഐൻ ഓഡിറ്റോറിയം |
| 11 | റോയൽ ഓഡിറ്റോറിയം |
| 12 | ആഷിക ഓഡിറ്റോറിയം |
| 13 | സി എം ഓഡിറ്റോറിയം |
| 14 | ഗായത്രി റെസ്റ്റോറന്റ് & ലോഡ്ജ് |
| 15 | ഇൻഡസ് മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്,<br>സെയിൽസ് എക്സ്റ്റൻഷൻ സെന്റർ-മാരുതികാർ (തോമസ് കുരുവിള) |

ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇറ്റു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.01.17) നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും തുക

ഈടാക്കുന്ന മുറയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 2-6 നിരാക്ഷേപ സാക്ഷ്യപത്രങ്ങളില്ലാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു

ഡി&ഒ ലൈസൻസിനായി അപേക്ഷിച്ച പലരും ലൈസൻസ് ലഭിക്കുന്നതിന് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ കൂടാതെ തന്നെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | സമർപ്പിക്കേണ്ട സാക്ഷ്യപത്രം |
|---|---|---|
| 1 | ശ്രീ ശാസ്താ ഫ്യൂവൽസ്, | ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള അനുമതിപത്രം |
| 2 | രശ്മി ക്ലിനിക്കൽ ലാബോറട്ടറി | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 3 | ചെർപ്പുളശ്ശേരി പോളിക്ലിനിക്ക് | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 4 | ഷാലു ഫ്യൂൽസ് (വരുമാനം രേഖപ്പെടുത്തിയിട്ടില്ല) | ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള അനുമതിപത്രം |
| 5 | ചെർപ്പുളശ്ശേരി സോ മിൽ & ഫർണിച്ചർ | വനംവകുപ്പിൽനിന്നുള്ള ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള സർട്ടിഫിക്കറ്റ് |
| 6 | മെഡിക്കൽ ഷോപ്പ് (കെ ടി എൻ മെഡിക്കൽഹാൾ) | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടമെന്റിൽ നിന്നും ലഭ്യമായ ലൈസൻസ് |
| 7 | സുധർമ്മ സ്പെഷ്യാലിറ്റി ലാബ് | സാനിട്ടറി സർട്ടിഫിക്കറ്റ് |

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി - അവലോകനം

1-11-2015 മുതൽ നഗരസഭയാക്കിയ ചെർപ്പുളശ്ശേരിയിൽ 2015-16 സാമ്പത്തിക വർഷം മുതൽക്കാണ് പരസ്യനികുതി പിരിവ് ആരംഭിച്ചിരിക്കുന്നത്. പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലം ചെയ്തിരിക്കുകയാണ്. പഞ്ചായത്തായിരുന്ന കാലയളവിലോ നഗരസഭ ആയതിനു ശേഷമോ പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. നിലവിൽ ഈ ഇനത്തിലെ വരവ് താഴെ കൊടുക്കും പ്രകാരമാണ്.

| വർഷം | പരസ്യ നികുതി ഡിമാന്റ് | പരസ്യ നികുതി പിരിവ് | പരസ്യ നികുതി ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| 2015-16 | 37000 | 37000 | - | 2015-16 സാമ്പത്തിക വർഷം മുതലാണ് പരസ്യനികുതി പിരിച്ചെടുക്കാൻ ആരംഭിച്ചത്. |
| 2016-17 | 15000 | 15000 | - | |

2015-16 സാമ്പത്തിക വർഷത്തിൽ 37000 രൂപ വരവുണ്ടെങ്കിലും 16-17-ൽ 15000രൂപ മാത്രമാണ് ലഭിച്ചിരിക്കുന്നത്. നിരവധി സ്ഥാപനങ്ങൾ നികുതി ഒടുക്കുവാൻ തയ്യാറാകാത്തതിനാൽ പരസ്യനികുതി ലേലത്തിന് 2015-16-ൽ ലേലം കൊണ്ട വ്യക്തി മാത്രമാണ് തുടർന്നും മുന്നോട്ട് വന്നതെന്നും ടിയാന് 15-16-ൽ ലേലം കൊണ്ട തുകയിൽ കുറവുതുക മാത്രം ലഭ്യമായതിനാൽ 16-17-ൽ 15000 രൂപയാണ് പരസ്യനികുതി ഇനത്തിൽ ലഭ്യമായത് എന്നുമാണ് നികുതി വരുമാനം കുറഞ്ഞതിന് കാരണമായി അറിയിച്ചിരിക്കുന്നത്.

നഗരസഭാ പരിധിയിലുള്ള വിവിധ ഭാഗങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ, സ്വാശ്രയ കോളേജുകൾ, പാരലൽ കോളേജുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ നഗരസഭയുടെ അനുമതി വാങ്ങാതെതന്നെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവ തടയുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സൂചകം | നടപടിയുടെ വിവരം |
|---|---|
| സർക്കുലർനം. 75667/RC2 /2013/LSGDതിയതി 02.01.2014 പ്രകാരം പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ അനുമതി നൽകുമ്പോൾ വൃക്ഷങ്ങൾക്ക് നാശം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ? നിലവിൽ വൃക്ഷങ്ങൾക്ക് ദോഷകരമായ രീതിയിൽ പ്രദർശിപ്പിച്ചിരുന്ന പരസ്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടോ? | സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി കടന്നു പോകുന്ന പബ്ലിക്ക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ? നികുതി ഈടാക്കിയിട്ടുണ്ടോ? | അനുമതി നൽകുകയോ നികുതി ഈടാക്കുകകയോ ചെയ്തിട്ടില്ല. |
| പരസ്യ നികുതി ഈടാക്കുന്നതിനായി വൻതോതിൽ തുക ചെലവുണ്ടായിട്ടുണ്ടോ? | തുക ചെലവഴിക്കുന്നില്ല. |
| സർക്കാർ ഉത്തരവ് (കൈ)നം.194/2014 /ത.സ്വ.ഭ.വ തീയതി 06.11.2014 പ്രകാരം കെ.എസ്.ഇ.ബി പോസ്റ്റുകളിൽ പരസ്യ പ്രദർശനത്തിനും പരിപാലനത്തിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരസ്യ പ്രദർശനങ്ങളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ വരുമാനം ലഭ്യമായിട്ടുണ്ടോ? | നടപടി സ്വീകരിച്ചതിന് രേഖകളില്ല. |

ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ നമ്പർ, വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികൃതർ ഉറപ്പുവരുത്തേണ്ടതും 1-11-2015 ന് നഗരസഭ രൂപീകരിച്ചതിനു ശേഷം മുനിസിപ്പാലിറ്റി നിയമ വ്യവസ്ഥകൾക്കനുസരിച്ച് പുതുക്കിയ

ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

## 2-8 ട്യൂട്ടോറിയൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ രജിസ്റ്റർ ചെയ്ത ട്യൂട്ടോറിയൽ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം താഴെ നൽകുന്നു.

| വർഷം | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | പാരാമെഡിക്കൽ സ്ഥാപനങ്ങൾ |
|---|---|---|
| 2013-14 | 12 | 20 |
| 2014-15 | 5 | 10 |
| 2015-16 | 3 | 11 |

എന്നാൽ രജിസ്ട്രേഷൻ എടുക്കുകയോ മുൻവർഷങ്ങളിൽ രജിസ്ട്രേഷൻ എടുത്ത് രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്യാത്ത സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സാരഥി കോളേജ്, കോറോഡോവ കോളേജ്, എം ഇ എസ് കോളേജ്, ജി ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ തുടങ്ങിയവ ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്നവയാണ്. 2013-14-ൽ 20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ 11എണ്ണം മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മുഴുവൻ ട്യൂട്ടോറിയൽ, സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്റ്റർ ചെയ്യാതെ നടത്തിപ്പോരുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടം അനുശാസിക്കും പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാങ്കേതിക അനുമതി തുകയേക്കാൾ കൂടുതൽ തുക ബിൽ വഴി പിൻവലിച്ചിരിക്കുന്നു.അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രവൃത്തിയിൽ ടെക്നിക്കൽ സാങ്കേതിക അനുമതി തുകയേക്കാൾ കൂടുതൽ തുക ബിൽ വഴി പിൻവലിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | ഒലിയം കുടിവെള്ള പദ്ധതിക്ക് പുതിയ മോട്ടോർ സ്ഥാപിക്കൽ – പ്രോജക്ട് നം.530/16 |
| അടങ്കൽ, ഫണ്ട് ഇനം | 150000രൂ. - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| എഗ്രിമെന്റ് നം,തീയ്യതി | നമ്പർ , തീയ്യതി എന്നിവ ചേർത്തിട്ടില്ല |
| കൺവീനർ | മുനീർ |
| പ്രവൃത്തി മൂല്യം | 150000(ടാക്സ് ഉൾപ്പെടെ) |
| എം.ബുക്ക് | 802/15 |
| ബിൽ നം.തീയ്യതി, തുക | 208/16- 31-3-2016, 150000രൂ. |

ടി പ്രോജക്ടിന് സാങ്കേതിക അനുമതി ലഭിച്ചിരിക്കുന്നത് 126000 /= രൂപയ്ക്ക് ആണ്. (നം. 958/26-2-2015

പ്രകാരം). മോട്ടോർ സ്ഥാപിക്കുക, പാനൽ ബോർഡ് സ്ഥാപിക്കുക എന്നീ രണ്ട് ഇനങ്ങൾ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം മൂന്ന് ഇനങ്ങൾക്കായി (മോട്ടോർ സ്ഥാപിക്കൽ, മൺപണി, പൈപ്പിടൽ ) ആകെ 150000രൂ. നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി തുകയേക്കാൾ കൂടുതൽ തുക 24000രൂ. അധികം നൽകിയത് തിരിച്ചടയ്ക്കേണ്ടതാണ്.

ടി പദ്ധതിയിൽ മുമ്പ് ഉപയോഗിച്ചിരുന്ന മോട്ടോർ എന്ത് ചെയ്തു? ആയത് തിരിച്ച് നൽകിയതായോ സ്റ്റോക്കിൽ എടുത്തതായോ കാണുന്നില്ല. ഗുണഭോക്തൃസമിതിക്ക് കൈമാറിയ ടി പദ്ധതിയിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ടി സമിതിയിൽനിന്ന് രേഖാമൂലം അപേക്ഷ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയിൽ തീരുമാനമായി തുടർന്ന് പ്രോജക്ട് രൂപീകരിക്കുകയും ആണ് ചെയ്യേണ്ടത്. എന്നാൽ അങ്ങനെയുള്ള നടപടിക്രമങ്ങൾ ഒന്നും പാലിച്ച് കാണുന്നില്ല. മേല്പറഞ്ഞ കാരണങ്ങളാൽ ആകെ ചെലവിൽ നിരാകരിച്ച 24000രൂ. ഒഴികെയുള്ള 126000രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-2 മുനിസിപ്പാലിറ്റി നേരിട്ട് ചെയ്ത പ്രവൃത്തിക്ക് വാട്ടർ അതോറിറ്റിയിൽ സെന്റേജ് ചാർജ് അടച്ചിരിക്കുന്നു. ടി ഇനത്തിൽ അടവാക്കിയ 62500രൂ. തടസ്സത്തിൽ വെയ്ക്കുന്നു

താഴെപ്പറയുന്ന പ്രവൃത്തിയിൽ മുനിസിപ്പാലിറ്റി നേരിട്ട് ചെയ്ത പ്രവൃത്തിക്ക് വാട്ടർ അതോറിറ്റിയിൽ സെന്റേജ് ചാർജ് അടച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 462/16 കറുവത്തുംപാറ കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 300000 പദ്ധതി ഫണ്ട് (ജനറൽ) |
| എഗ്രിമെന്റ് നം,തീയതി | നമ്പർ, തീയതി രേഖപ്പെടുത്തിയിട്ടില്ല |
| കൺവീനർ | ജിജേഷ് |
| പ്രവൃത്തി മൂല്യം | 490000 |
| എം.ബുക്ക് | 775/15-16 |
| ബിൽ നം.തീയതി, തുക | 201/31-3-16, 490000രൂ. |

ടി പദ്ധതിയുടെ എസ്റ്റിമേറ്റ് നിർമാണം, എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കൽ , അളവെടുക്കൽ , മേൽനോട്ടം എന്നിവയെല്ലാം മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയർതന്നെയാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ സെന്റേജ് ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ 62500രൂ. അടവാക്കിയിട്ടുണ്ട്.(വാട്ടർ അതോറിറ്റിയുടെ രസീതി നം. 13499993/ 14-3-2016പ്രകാരം) . ഡെപ്പോസിറ്റ് പ്രവൃത്തിയായി പദ്ധതികൾ ചെയ്യുമ്പോൾ മേല്പറഞ്ഞ ഇനങ്ങൾക്കെല്ലാമായി വാട്ടർ അതോറിറ്റിക്ക് നൽകുന്ന തുകയാണ് സെന്റേജ് ചാർജ്. എന്നാൽ ഇതെല്ലാം മുനിസിപ്പാലിറ്റിയിൽ നിന്ന് നിർവ്വഹിച്ചതിന് ശേഷം സെന്റേജ് ചാർജ് നൽകുന്നത് ക്രമപ്രകാരമല്ല.ആയതിനാൽ ഈ ഇനത്തിലെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3 ന് നൽകിയ മറുപടി തൃപ്തികരമല്ല.

ടി പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിൽ നിന്നുള്ള നീട്ടലാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിനുള്ള അനുവാദം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അനുവാദമില്ലാതെ വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായ പണികൾ മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത് ക്രമപ്രകാരമല്ല.

## 3-3 പ്രോജക്ടിൽ ഉപയോഗിച്ചിരുന്ന പഴയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. SO 531/16 പ്രകാരം നറുക്കൻചിറ കുടിവെള്ള പദ്ധതി(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച്) നടപ്പാക്കുകയും ആയതിന് ട്രഷറിബിൽനം. 229/15-16/ 31-3-16പ്രകാരം 200000രൂ. ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ എന്ത് ചെയ്തു?ആയത് തിരിച്ച് ഏൽപ്പിച്ചതായോ സ്റ്റോക്കിലെടുത്തതായോ രേഖകളില്ല. പഴയ പാനൽബോർഡ് ഉപയോഗപ്പെടുത്തിയോ തിരിച്ച് ഏൽപ്പിക്കുകയോ ചെയ്തത് സംബന്ധിച്ച് രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.മേല്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 200000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 തനതുഫണ്ടിന്റെ നിജസ്ഥിതി വിലയിരുത്താതെ ഭീമമായ തുക പദ്ധതി ച്ചെലവുകൾക്കായി വകയിരുത്തി

തനതുഫണ്ട് ഇനത്തിലെ നഗരസഭയുടെ വരവ് ഏറെ പരിമിതമാണെങ്കിലും തൻവർഷം വിവിധ പദ്ധതിച്ചെലവുകൾക്കായി ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് ഈ ഇനത്തിൽ നിന്നുമാണ്. ആകെ 2,41,81,186/- രൂപയാണ് തനതുഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ട തുകയായി നിശ്ചയിച്ചിരിക്കുന്നത്. ആകെ അടങ്കൽ തുകയുടെ 25 ശതമാനമാണ് ഇപ്രകാരം തനതുഫണ്ടിൽ നിന്ന് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 62,63,953/- രൂപ ചെലവു ചെയ്തിട്ടുമുണ്ട് (ആകെ ചെലവിന്റെ 13 ശതമാനം).

ബാങ്ക്, ട്രഷറി അക്കൌണ്ടുകളിലായുള്ള 31-3-2016ലെ ആകെ തനതുഫണ്ട് നീക്കിയിരിപ്പ് 1,85,46,032/- രൂപയാണ്. തൻവർഷത്തെ ഓഫീസ് ഭരണച്ചെലവ് 1,24,08168/- രൂപയാണ്. 1-11-2016 മുതൽ നഗരസഭയായി മാറിയ ചെർപ്പുളശ്ശേരി നഗരസഭയ്ക്ക് ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റ് അനിവാര്യ ചുമതലകൾക്കുമായി മാത്രം നല്ലൊരു തുക ആവശ്യമാണെന്നിരിക്കെ പദ്ധതിച്ചെലവുകൾക്കായി നിയന്ത്രണമില്ലാതെ തുക വകയിരുത്തി ചെലവ് നടത്തുന്നത് ഗുരുതരമായ സാമ്പത്തിക സ്ഥിതിവിശേഷം സൃഷ്ടിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച്

പൊതുമരാമത്തുമായി ബന്ധപ്പെട്ട് തൻവർഷം നടത്തിയ പ്രവൃത്തികളിൽ 80% ൽ അധികവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. ആയതിൽ ഭൂരിപക്ഷവും മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചവയാണ്. മെയിന്റനൻസ് ഫണ്ടിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നഗരസഭയിലെ എല്ലാറോഡുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട് എന്ന് ഭരണസമിതി സാക്ഷ്യപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യാം എന്ന് ഭരണസമിതി തീരുമാനിക്കുകയും ചെയ്താൽ ടി പ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണ്. നഗരസഭയിൽ അപ്രകാരമുള്ള തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ചെലവുകൾ നിർവ്വഹിക്കാത്ത പ്രോജക്ടുകൾ സംബന്ധിച്ച്

താഴെപ്പറയുന്ന പ്രവൃത്തികൾ 2015-16ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആയതിന്റെ യാതൊരു ചെലവുകളും തൻവർഷം നിർവ്വഹിച്ചിട്ടില്ല. ആയവയുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. , പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|
| 81/16- വള്ളിക്കാട്ട് പടി തോട് സൈഡ് പടവ് | 50000 | പദ്ധതി ഫണ്ട് |
| 100/16- കുന്നംപുറം അവുലൻ പടി റോഡ് കോൺക്രീറ്റ് | 50000 | മെയിന്റനൻസ് ഗ്രാന്റ് |
| 106/16- ചെർപ്പുളശ്ശേരി ടൌൺ ഡ്രെയിനേജ് | 400000 | മെയിന്റനൻസ് ഗ്രാന്റ് |
| 135/16- ഹൈസ്കൂൾ റോഡ് ടെലിഫോൺ എക്സ്ചേഞ്ച് ഭാഗത്ത് ഡ്രെയിനേജ് | 50000 | പദ്ധതി ഫണ്ട് |
| 155/16- വരിക്കളം പഞ്ചായത്ത് കിണർ സൈഡ് പടവ് | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 156/16-ആറംകുന്നത്ത് കുഴൽക്കിണറിന്റെ ഭാഗം പടവ് | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 183/16- ധർമ്മശാസ്താ കള്ളിക്കുന്ന് റോഡ് റീടാറിംഗ് | 200000 | തനത് ഫണ്ട് |
| 213/16- കുന്നത്ത് കോളനിറോഡ് കോൺക്രീറ്റ് | 100000 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 214/16-കുന്നത്ത് കോളനിഡ്രൈനേജ് | 200000 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 229/16-കോട്ടക്കുന്ന് കുടിവെള്ള പദ്ധതിക്ക് പുതിയ മോട്ടോർ | 75000 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 230/16കാളമല്ലി കുടിവെള്ള പദ്ധതിക്ക് ടാങ്ക് | 50000 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 240/16- കാളമല്ലി കോളനി കുടിവെള്ള കിണർ സൈഡ്പടവ് | 100000 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 246/16-പാപ്പറമ്പ് കോളനി റോഡ് ആന്റ് ഡ്രൈൻ കോൺക്രീറ്റ് | 188045 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 262/16- വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വിപുലീകരണം | 800000 | തനത് ഫണ്ട് |
| 279/16- ബസ് സ്റ്റാന്റിൽ കുടിവെള്ള പദ്ധതി | 150000 | തനത് ഫണ്ട് |
| 294/16- വെള്ളോത്ത് ആന്തൂർപ്പടി റോഡ് നവീകരണം | 150000 | തനത് ഫണ്ട് |
| 296/16- കാരട്ടപടി റോഡ് നിർമാണം | 10000 | തനത് ഫണ്ട് |
| 316/16-മൃഗസ്പത്രി പണി പൂർത്തീകരണം | 1500000 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 388/16-അംഗൻവാടി കളിലേക്ക് കുടിവെള്ള സൌകര്യം ഒരുക്കൽ | 150000 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 390/16- തനത് കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 168400 | പദ്ധതി ഫണ്ട് (എസ്.സി.പി) |
| 392/16- മൃഗസ്പത്രി വൈദ്യുതീകരണം | 78000 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

| | | |
|---|---|---|
| 394/16- കമ്മാളത്ത്പടി ചിറ പുനരുദ്ധാരണം | 30000 | തനത് ഫണ്ട് |
| 397/16- ഓട്ടുപാറക്കളം റോഡ് സൈഡ് പടവ് | 25000 | തനത് ഫണ്ട് |
| 399/16- എലിയപ്പറ്റ ഡ്രൈൻ സ്ലാബ് | 50000 | തനത് ഫണ്ട് |
| 407/16- പന്നിയംകുറുശ്ശി അംഗൻവാടി വയറിങ്ങ് | 20000 | തനത് ഫണ്ട് |
| 409/16- താപ്പുഴക്കടവ് റോഡ് പുനരുദ്ധാരണം | 55000 | തനത് ഫണ്ട് |
| 412/16- അസി. എഞ്ചിനീയർക്ക് ലാപ്പടോപ്പ് വാങ്ങിക്കൽ | 50000 | തനത് ഫണ്ട് |
| 448/6-വൃദ്ധസദനം നിർമാണം | 300000 | പദ്ധതി ഫണ്ട് |
| 461/16- 28ാം മൈൽ കുടിവെള്ളം | 110000 | പദ്ധതിഫണ്ട് |
| 465/16- പൂതോട്ട് പാടം വെള്ളച്ചാൽ സൈഡ്പടവ് | 100000 | പദ്ധതി ഫണ്ട് |
| 466/16- വടക്കേക്കര അംഗൻവാടി ഫൂട്ട്പാത്ത് കോൺക്രീറ്റ് | 50000 | പദ്ധതി ഫണ്ട് |
| 471/16- കരമാനാം കുറുശ്ശി പൈപ്പ് കൾവർട്ട് | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 476/16- കരുമാനാംകുറുശ്ശി എൽ. ഐ.പുനരുദ്ധാരണം | 50000 | തനത് ഫണ്ട് |
| 511/16- പാപ്പറമ്പ് കോളനി റോഡ് പുനരുദ്ധാരണം | 200000 | പദ്ധതി ഫണ്ട്(എസ്.സി.പി) |
| 519/16- ചേരിറോഡ് കോൺക്രീറ്റ് | 100000 | പദ്ധതി ഫണ്ട്(എസ്.സി.പി) |
| 522/16- നരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റ് | 200000 | പദ്ധതി ഫണ്ട്(എസ്.സി.പി) |
| 529/16- വിവിധ എൽ.ഐ.കളുടെ പുനരുദ്ധാരണം | 357157 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 532/16-ബസ് സ്റ്റാന്റ് കുടിവെള്ള പദ്ധതി | 200000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 544/16- കൃഷിഭവൻ സംഭരണശാല നിർമാണം | 450000 | മെയിന്റനൻസ് ഗ്രാന്റ് |
| 545/16-കൃഷിഭവൻ കെട്ടിട നിർമാണം | 450000 | മെയിന്റനൻസ് ഗ്രാന്റ് |

മേല്പറഞ്ഞ പ്രവൃത്തികളിൽ പലതും എഗ്രിമെന്റ് പോലും വെച്ചിട്ടില്ല. ചില പദ്ധതികൾ 2016-17ലെ സ്പിൽ ഓവർ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

പദ്ധതി മാർഗരേഖ നിർദേശങ്ങൾ അനുസരിച്ച് ഏകവർഷ പ്രോജക്ടായി ആരംഭിക്കുന്ന പ്രവൃത്തികളിൽ പ്രാഥമിക നടപടികൾ പോലും ആരംഭിക്കാതിരിക്കുന്നത് പദ്ധതിപ്പണം നിഷ്ക്രിയമായി അവശേഷിക്കാൻ ഇടയാക്കും. കൂടാതെ എത്രയോ അത്യാവശ്യമുള്ള പദ്ധതികൾ ചെയ്യാൻ ബാക്കിയിരിക്കെ യാതൊരു പ്രയോജനവമില്ലാതെ ഇത്തരം പ്രോജക്ടുകൾ വെയ്ക്കുന്നത് സമൂഹത്തിന് ഗുണകരവുമാകില്ല. ആയതിനാൽ ഏകവർഷ പ്രോജക്ടുകൾ ആവശ്യകത മുൻനിർത്തി പ്രായോഗികതാ അടിസ്ഥാമത്തിൽ തിരഞ്ഞെടുക്കുന്നതിനും ആയത് തൻവർഷം തന്നെ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കുകയും

ചെയ്യേണ്ടതാണ്.

## 3-7 ലക്ഷംവീട്ടു കോളണി- അങ്കണവാടിയിലെ മിറ്റീങ്ങ് ഹാളിലേക്ക് കസേര നൽകൽ–അധിക തുക നൽകിയത് സ്ഥാപനം തിരിച്ചടവാക്കി

പ്രോജക്റ്റ് നം. 236/16-

അടങ്കൽ - 50000 (നോൺ റോഡ്)

ചെലവ് തുക – 49500 രൂപ

(ഇൻവോയ്സ് നം. – 436 / 10.3.2016 തുക – 49500)

ട്രഷറി ബിൽ നം - 07/15-16, തിയതി - 17.3.16നിർവ്വഹണോദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം ലക്ഷംവീട്ടു കോളണിയിലെ അങ്കണവാടിയിലെ മിറ്റീങ്ങ് ഹാളിലേക്ക് കസേര വാങ്ങി നൽകുവാൻ 50000രൂപയുടെ അടങ്കൽ രേഖപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നാണ് കസേര വാങ്ങിയിട്ടുള്ളത്. കുറഞ്ഞ ക്വട്ടേഷൻ പ്രകാരമുള്ള കസേരകൾ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരിയിൽ നിന്നും വാങ്ങിക്കുവാൻ നഗരസഭയുടെ തീരുമാനമുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന്റെ ഇൻവോയ്സ്- 436 / 10.3.2016 പ്രകാരം ഒരു കസേരക്ക് 864.63 രൂപ പ്രകാരം 50കസേരകളാണ് വാങ്ങിയിട്ടുള്ളത്.

| അംഗീകരിച്ച നിരക്ക് | ഇൻവോയ്സ് പ്രകാരം അനുവദിച്ച നിരക്ക് | അധികം നൽകിയത് |
|---|---|---|
| 780+14.5%tax= 39000+5655=44655 | 864.63+14.5%tax= 43231.5+6269=49500 | 49500-44655= 4845/ |

ക്വട്ടേഷൻ പ്രകാരമുള്ള നിരക്കിനേക്കാൾ 4845/- രൂപ അധികം സ്ഥാപനത്തിന് നൽകിയത് ചൂണ്ടി കാണിച്ചു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 13-01-2017ന് 01/1160310996 നം രസീതി പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്. ഭാവിയിൽ തുക നൽകുന്നതിന് മുമ്പായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുക തന്നെയാണോ ഇൻവോയ്സിലും രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ഉറപ്പാക്കേണ്ടതാണ്.

## 3-8 ബയോഗ്യാസ് പ്ലാന്റ്-തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം. 348/16 (സ്പിൽ ഓവർ)

അടങ്കൽ-646250/-

പ്ലാൻ ഫണ്ട്-199750/-

കേന്ദ്രാവിഷ്കൃതം-399500

ഗുണഭോക്തൃ വിഹിതം-199750/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

2014-15ൽ 114പേർക്ക് ഗാർഹിക ബയോഗ്യാസ് പ്ലാൻറ്റ് ഐ ആർ ടി സി വഴി നിർമ്മിക്കുവാൻ വേണ്ടി പദ്ധതി ആവിഷ്കരിക്കുകയും ഇതിൽ 94ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കുകയും ചെയ്തിട്ടുണ്ട്. 2014-15 ൽ പ്ലാൻ ഫണ്ട് തുകയും ,2015-16 ൽ ഗുണഭോക്തൃവിഹിതവും ഐ ആർ ടി സി ക്ക് കൈമാറുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാക്കാത്തതിനാൽ 10-10-2015 ന് 79900/- രൂപ മുൻസിപ്പൽ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

## 3-9 ചെലവഴിക്കാൻ ബാക്കിയായ ആശ്രയ പദ്ധതി തുക തിരിച്ചടക്കേണ്ടതാണ്

വിവിധ വർഷങ്ങളിലായി ആശ്രയ ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിക്കപ്പെട്ട് ആശ്രയ ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട തുക ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താതെ പ്രസ്തുത ഫണ്ടിൽ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. (അക്കൗണ്ട് നം. 2505101020159 – കനറാ ബാങ്ക്, ചെർപ്പുളശ്ശേരി). വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|
| 2005-06 | 200000 | 107500 | 92500 |
| 2006-07 | 272000 | 217500 | 147000 |
| 2007-08 | Nil | 20000 | 127000 |
| 2008-09 | 200000 | 27500 | 299500 |
| 2009-10 | 200000 | 38250 | 461250 |
| 2010-11 | 400000 | 49258 | 811992 |
| 2011-12 | 400000 | 21500 | 1190492 |
| 2012-13 | Nil | 61288 | 1129204 |
| 2013-14 | Nil | 113543 | 1015661 |
| 2014-15 | Nil | 79309 | 936352 |
| 2015-16 | Nil | Nil | 936352 |

ഇപ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം ആവിഷ്കരിച്ച് പദ്ധതിഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതുമാണ്.

## 3-10 ഖരമാലിന്യസംസ്കരണം ശാസ്ത്രീയമായി നിർവ്വഹിക്കേണ്ടതാണ്

നഗരസഭയുടെ ഖരമാലിന്യ സംസ്കരണവുമായിബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിൽ താഴെപ്പറയും പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

| ജീവനക്കാരുടെ വേതനം | വാഹന ചെലവ് | മറ്റു ചെലവുകൾ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 866809 | 146411 | 171915 | 1185135 |

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ട്രാക്ടർ, ഒരു ഗുഡ്സ് ഓട്ടോ എന്നിവ ഉപയോഗിച്ച് എല്ലാ ദിവസവും നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാലിന്യസംസ്കരണ പ്ലാന്റിൽ വെച്ച് പ്ലാസ്റ്റിക്, പ്ലാസ്റ്റിക് രഹിത മാലിന്യങ്ങളായി വേർതിരിക്കുന്നു. വേർതിരിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വിറ്റഴിക്കാമായിരുന്നെങ്കിലും അപ്രകാരം ചെയ്യാതിരുന്നത് ക്രമവിരുദ്ധമാണ്. മാലിന്യങ്ങൾ വേർതിരിക്കുന്നതിലുണ്ടായ തൊഴിൽ കൂലി പരിഗണിച്ച് നഗരസഭയ്ക്ക് വരുമാനം ഉണ്ടാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതായിരുന്നു.

നിലവിലുള്ള സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനവും അശാസ്ത്രീയമാണ്. പ്ലാസ്റ്റിക് ഇതര മാലിന്യങ്ങൾ ഒന്നാകെ കത്തിച്ച് കളയുന്ന ഒരു ചിമ്മിനിയുടെ പണിയാണ് പ്രസ്തുത യന്ത്രം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്ന് സ്ഥലം നേരിട്ട് സന്ദർശിച്ച ഓഡിറ്റ് സംഘത്തിന് ബോധ്യപ്പെട്ടു. ജൈവ മാലിന്യങ്ങളിൽ നിന്ന് കമ്പോസ്റ്റ് തയ്യാറാക്കി ആവശ്യക്കാർക്ക് നൽകുന്ന പ്രവൃത്തി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-11 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 (നവമ്പർ മുതൽ മാർച്ച് വരെ) നിലവിലുള്ള 19 കുടിവെള്ള പദ്ധതികൾക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കറന്റ് ചാർജ് | അറ്റകുറ്റപ്പണികളുടെ ചെലവ് | ആകെ |
|---|---|---|
| 247592 | 13,730 | 261322 |

ജനകീയാസൂത്രണം പദ്ധതി സഹായി, 6-12-2012 ലെ സർക്കാർ ഉത്തരവ് നം.ജി.ഒ. (എം.എസ്) 20/2012 എന്നിവയനുസരിച്ച് പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃസമിതികളുടെ ചുമതലയാണെന്നും പദ്ധതി സമിതി ഏറ്റെടുത്തു നടത്താൻ തയ്യാറാകാതെ നഗരസഭ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ ഗുണഭോക്താക്കളിൽനിന്ന് ന്യായമായ ഒരു തുക വാട്ടർ ചാർജ്ജായി പിരിച്ചെടുക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെന്ന് മാത്രമല്ല, വെള്ളക്കരം ഇനത്തിൽ യാതൊരുതുകയും നഗരസഭ ഈടാക്കിയിട്ടുമില്ല. നഗരസഭക്ക് വൻ സാമ്പത്തിക ബാദ്ധ്യതയാണ് ഇത് വരുത്തിവയ്ക്കുന്നത്.

സമിതികൾക്ക് കൈമാറിയിട്ടില്ലാത്ത കുടിവെള്ള പദ്ധതികളുടെ പട്ടിക തയ്യാറാക്കി അവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോ ഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്ടുകളുടെ ചെലവിനാസ്പദമായ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയവ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | പ്രോജക്ട് വിശദാംശം | കൈമാറിയതുക | ഏജൻസിയുടെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ (262/16) | 110000/- (962039/18-3-2016) | കേരള വാട്ടർ അതോറിറ്റി, ഷൊർണ്ണൂർ) |
| 2 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം (484/16) | 3,50000/- | ജില്ലാ പഞ്ചായത്ത് |

## 3-13 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം

പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയിലെ ബാലൻസ് ഫണ്ട് സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം/സ്ഥലം വാങ്ങുന്നതിനും. കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വിനിയോഗിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/09/2010 ലെ39033/ഡി.സി2/2010 സർക്കാർ നിർദ്ദേശിക്കുന്നു.എന്നാൽ നഗരസഭ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ലായെന്ന് അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 32 |
| സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണം | 4 |
| കുടിവെള്ളം ഇല്ലാത്ത അംഗനവാടികളുടെ എണ്ണം | 5 |
| ചുറ്റുമതിൽ ഇല്ലാത്ത അംഗനവാടികളുടെ എണ്ണം | 4 |
| വൈദ്യുതി ഇല്ലാത്ത അംഗനവാടികളുടെ എണ്ണം | 8 |
| സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 2 |

അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്രിയാത്മകമായ സമീപനം വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. അങ്കണവാടികളുടെ നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെയും കാലാകാലമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 485/16

അടങ്കൽ-600000/- (ജനറൽ)

ചെലവ്-220000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

ഭവന നിർമ്മാണ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് ഭാഗികമായി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | പേര്/വിലാസം | കൈപ്പറ്റിയ | കൈപ്പറ്റുവാൻ |
|---|---|---|---|

| നം. | | തുക | ബാക്കിയുള്ള തുക |
|---|---|---|---|
| 1 | അബ്ദുൾ ഖാദർ പൂളകുന്നത്ത് | 180000 | 20000 |
| 2 | നാസർ ആലിയതൊടി | 20000 | 180000 |
| 3 | സുബ്രഹ്മണ്യൻ ചെരപ്പറമ്പിൽ | 20000 | 180000 |
| ആകെ | | 220000 | 380000 |

പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഐ എ വൈ വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2015-16 വർഷത്തിൽ താഴെ പറയുന്ന ഐ എ വൈ വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് നം | ബിൽനം/തുക | ബി ഡി ഒ കൈപ്പറ്റിയ തിയതി |
|---|---|---|---|
| 1 | 206/16 (scp) | 8/16-900000<br>9/16-497500<br>ആകെ-1397500 | 19-03-2016 |
| 2 | 377/16 (gen) | 4/16-589246 | 19-03-2016 |
| 3 | 202/16 (gen) | 3/16-1202500 | 17-10-2015 |

തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുകചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | ചെക്ക് നം/ | മുൻകൂർ | ചെലവഴിച്ച | ചെലവ |
|---|---|---|---|---|---|

| ഏജൻസി | പേര് | ഡി.ഡി.നം | നല്കിയ തുക | തുക | ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA ഷൊർണ്ണൂർ | പൈപ്പ് ലൈൻ നീട്ടൽ (പ്രോജ.നം. 461/16 | ഡി.ഡി.നം. 962039/ 18-03-2016 | 110000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2009-10 | 2-1 (A) | 500 | മാനേജിംങ് ഡയറക്ടർ, കെ.വി. പെട്രോളിയം | 11502108493/4-2-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-25 | 2005-06 | 54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി നൽകി | അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2000-01 | 3-24 | 2005-06 | 54.2 | മാനവീയം വിഷ്വൽ | |

| | | | | | |
|---|---|---|---|---|---|
| | | | | ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല. | |
| 1999-00 | 3-22 | 2005-06 | 54.3 | ഡ്രെയിനേജ് ടാങ്ക് നിർമ്മാണം- പരിധി ലംഘിച്ച് ടെണ്ടർ അധികം നൽകി | |
| 2000-01 | 3-22 | 2005-06 | 54.4 | വട്ടി, കൊട്ട, പനമ്പ് നിർമ്മാണം.- സംബന്ധിച്ച് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ (1-11-2015മുതൽ 31-3-2016 വരെ) ആകെ വരവ് | 94662881 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87924144 |
| വരവിനങ്ങളിലുള്ള നഷ്ടം | 2500 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 388500/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5(1) | 2500 | ശ്രീ. ഹരികൃഷ്ണൻ, സെക്രട്ടറി |
| 3-1 | 24000 | ശ്രീ.എം.ഹരികൃഷ്ണൻ,സെക്രട്ടറി |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 126000/- | ശ്രീ.എം.ഹരികൃഷ്ണൻ,സെക്രട്ടറി |
| 3-2 | 62,500/- | --do-- |
| 3-3 | 200000/- | --do-- |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ഹരികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ചെർപ്പുളശ്ശേരി നഗരസഭ | മണ്ണഴി (സാകേതം), കടമ്പഴിപ്പുറം പി.ഒ., പാലക്കാട് ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർ റിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04/3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12-2362/14/15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി 12/42/2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി122/134/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 13.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ 295 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും മുനിസിപ്പൽ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെർപ്പുളശ്ശേരി നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകൾ, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD22/134/2017

Kerala State Audit Department
District Audit Office
Palakkad
Date – 13.02.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of CHERPULASSERI MUNICIPALITYfor the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 295 of the Kerala Municipality Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of CHERPULASSERI MUNICIPALITY prepared in accordance with Section Section 295 of the Kerala Municipality Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Senior Deputy Director

Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.
2. Property tax demand register is not seen reconciled with AFS.

Senior Deputy Director